# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1550

15-02-2016-ൽ മറുപടിയ്ക്ക്

## നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. പി.ഉബൈദുള്ള
ശ്രീ. കെ.എൻ.എ.ഖാദർ
ശ്രീ. റ്റി.എ.അഹമ്മദ് കബീർ
ശ്രീ. പി.കെ.ബഷീർ

**മറുപടി**

ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വായ്പയെടുത്ത് കൃഷി ചെയ്ത് ഉദ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതും തുക നൽകാത്തതുമായ സ്ഥിതി വിശേഷം നെൽ കർഷകർക്കുണ്ടാക്കുന്ന ഗുരുതര സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ് നെല്ല് സംഭരണം നടത്തിവരുന്നത്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുവാനും ആയതിന്റെ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സിവിൽ സപ്ലൈസ്, കൃഷി എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു 'നെല്ല് സംഭരണ ഫണ്ട്' രൂപീകരിക്കുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുകയും കേന്ദ്ര ഫണ്ടിന്റെ ലഭ്യതയിലുള്ള കാലതാമസം കണക്കിലെടുത്ത് ആയതിലേയ്ക്കായി ഒരു പുതിയ ഫണ്ട് രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ കർഷകർക്ക് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്, നെൽവികസന പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണെന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (സി) | ഉദ്യോഗസ്ഥ തലത്തിൽ നെൽ കർഷകരോട് കാട്ടുന്നതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ? | (സി) | അത്തരം അവഗണനയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ